**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 497** — **06-12-2022 - ൽ മറുപടിയ്ക്ക്**

**കിഫ്ബി ഫണ്ട് അനുവദിച്ച സ്കൂളുകളുടെ പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബിയിൽ നിന്ന് ഫണ്ട് അനുവദിച്ച പയ്യന്നൂർ മണ്ഡലത്തിലെ കണ്ടങ്കാളി, വെള്ളൂർ, മാത്തിൽ, വയക്കര എന്നീ ഹയർ സെക്കന്ററി സ്കൂളുകളുടെ കെട്ടിട നിർമ്മാണ പ്രവൃത്തിക്ക് എസ്.പി.വി. ആയ കില നൽകിയ സാങ്കേതികാനുമതിക്ക് കിഫ്ബിയുടെ അംഗീകാരം നൽകുന്നതിനുള്ള നടപടികൾ ഏത ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (എ) | 1)കണ്ടങ്കാളി സ്കൂൾ - കണ്ടങ്കാളി സ്കൂൾ എന്നത് ഷേണായി സ്മാരക ഹയർ സെക്കണ്ടറി സ്കൂളിന്റെ പേരാണ്. ടി സ്കൂളിന് സാങ്കേതിക അനുമതി ലഭിച്ചിട്ടുണ്ട്. ടി അനുമതി കിഫ്ബിയുടെ അംഗീകാരത്തിനായി പദ്ധതി നിർവ്വഹണ ഏജൻസി സമർപ്പിട്ടുണ്ട്. ഇതിനു എത്രയും വേഗം കിഫ്ബിയിൽ നിന്നും അംഗീകാരം നൽകുന്നതാണ്<br><br>2. വെള്ളൂർ സ്കൂൾ - ടി സ്കൂളിന് സാങ്കേതിക അനുമതി ലഭിച്ചിട്ടുണ്ട്. Sub Project Revision അംഗീകാരത്തിനായി പദ്ധതി നിർവ്വഹണ ഏജൻസി കിഫ്ബിയിൽ സമർപ്പിട്ടുണ്ട്. ഇതിനു എത്രയും വേഗം കിഫ്ബിയിൽ നിന്നും അംഗീകാരം നൽകുന്നതാണ്<br><br>3. മാത്തിൽ സ്കൂൾ - സാങ്കേതിക അനുമതി ലഭിച്ചിട്ടുണ്ട്. ടി അനുമതി കിഫ്ബിയുടെ അംഗീകാരത്തിനായി പദ്ധതി നിർവ്വഹണ ഏജൻസി സമർപ്പിട്ടുണ്ട്. ഇതിനു എത്രയും വേഗം കിഫ്ബിയിൽ നിന്നും അംഗീകാരം നൽകുന്നതാണ്.<br><br>4. വയക്കര സ്കൂൾ - സാങ്കേതിക അനുമതി ലഭിച്ചിട്ടുണ്ട്. TS നു കിഫ്ബിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണ ഏജൻസി PED തയ്യാറാക്കി വരുന്നു . |
| (ബി) | നടപടികൾ പൂർത്തീകരിച്ച് പ്രസ്തുത പ്രവൃത്തികൾ എപ്പോൾ ടെണ്ടർ ചെയ്യാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) | കണ്ടങ്കാളി സ്കൂൾ, മാത്തിൽ സ്കൂൾ എന്നിവയുടെ Technical Sanction നു കിഫ്ബിയിൽ നിന്ന് അനുമതി ലഭിച്ച ശേഷം പദ്ധതി നിർവ്വഹണ ഏജൻസി PED തയ്യാറാക്കി കിഫ്ബിയിൽ നിന്ന് അനുമതി തേടേണ്ടതുണ്ട്. ടി അനുമതി ലഭിച്ച ശേഷം പദ്ധതി നിർവ്വഹണ ഏജൻസിയ്ക്ക് ടെണ്ടർ നടപടികൾ ആരംഭിക്കാവുന്നതാണ്.<br><br>വെള്ളൂർ സ്കൂളിന്റെ Sub Project Revision നു കിഫ്ബി അംഗീകാരം നൽകിയ ശേഷം പുതുക്കിയ |

| | | | |
|---|---|---|---|
| | | | ധനാനുമതി പുറപ്പെടുവിക്കേണ്ടതുണ്ട്. അതിനു ശേഷം സാങ്കേതിക അനുമതി ലഭ്യമാക്കി കിഫ്ബിയുടെ അംഗീകാരം ലഭിക്കേണ്ടതുണ്ട്.ഇതിനു ശേഷം പദ്ധതി നിർവ്വഹണ ഏജൻസി Project Execution Document PED തയ്യാറാക്കി കിഫ്ബിയിൽ നിന്ന് അംഗീകാരം തേടേണ്ടതുണ്ട്. ടി അനുമതി ലഭിച്ച ശേഷം പദ്ധതി നിർവ്വഹണ ഏജൻസിയ്ക്ക് ടെണ്ടർ നടപടികൾ ആരംഭിക്കാവുന്നതാണ്.<br><br>വയക്കര സ്കൂളിന്റെ Project Execution Document (PED) പദ്ധതി നിർവ്വഹണ ഏജൻസി തയ്യാറാക്കേണ്ടതുണ്ട്. PED തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരം ലഭിച്ച ശേഷം പദ്ധതി നിർവ്വഹണ ഏജൻസിയ്ക്ക് ടെണ്ടർ നടപടികളിലേക്ക് കടക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ